മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) കഴിഞ്ഞ 21-ാംനു- നടന്ന വിക്ഷേപണം സംബന്ധിച്ച ചൂമതല പ്രധാനമായും ഇൻഡ്യാഗവണ്മെൻറിനും അവരുടെ ആഭിമുഖ്യത്തിലുള്ള ദേശീയ ശൂന്യാകാശ ഗവേഷണ സമിതിക്കുമായിരുന്നു. അപകടമേഖലയിൽ നിന്നും പൊതുജനങ്ങളെ മാറുന്നതിനും പൊതുജനങ്ങൾക്കു് വേണ്ട മുന്നറിയിപ്പു നൽകുന്നതിനും വിക്ഷേപണസ്ഥലത്തു് സംരക്ഷണം നൽകുന്നതിനും മറ്റും സംസ്ഥാനഗവണ്മെൻറ് ചില നടപടികളും എടുത്തിട്ടുണ്ടു്.

(ബി) വിക്ഷേപണം സംബന്ധിച്ച ചെലവുകളൊന്നും ഈ ഗവണ്മെൻറ് വഹിക്കേണ്ടതായിട്ടില്ല. എന്നാൽ വിക്ഷേപണകേന്ദ്രം സ്ഥാപിക്കുന്നതു സംബന്ധിച്ചു് ചില സഹായസഹകരണങ്ങളും സംസ്ഥാനഗവണ്മെൻറ് ചെയ്യുന്നുണ്ടു്.

(സി) സ്ഥാന പൊതുമരാമത്തുവകുപ്പിൽ നിന്നും 5 ഉദ്യോഗസ്ഥന്മാർ വിക്ഷേപണകേന്ദ്രത്തിലെ ജോലി സംബന്ധിച്ചു് വിട്ടുകൊടുത്തിട്ടുണ്ടു്.

Setting up of Fair Price Shops

✻ 914. [55] **Shri R. Sugathan:** Will the Minister for Food and Agriculture be pleased to state:

(a) has the Government called any Tripartite meeting for implementing the resolution of the S. L. C. of the I. L. C. regarding the setting up of Fair Price Shops in this State;

(b) how many private employers have set up Fair Price Shops;

(c) has any plantation owner set up Fair Price Shop; and

(d) has any Public Sector undertaking set up any such Fair Price Shops?

Minister for Food and Agriculture (**Shri E. P. Poulose**):

(a) No tripartite meeting has so far been held by Government.

(b) Six.

(c) Yes. 6 Plantation owners have set up Fair Price Shops.

(d) No.

ശ്രീ. ആർ. സുഗതൻ: ആറു തോട്ടമുടമകളും ആരെല്ലാമാണെന്നു പറയാമോ?

Shri E. P. Poulose: They are:—

1. Pasumalay Estate, Vandiperiyar.
2. Alampally Estate, Pasuparai.
3. Sentinal Rock Estate, Meppadi.
4. Poottoomala Estate, Puttumala.
5. Kinaloor Estate, Balusseri.
6. Amalgamated Coffee Estate, Balusseri.

ശ്രീ. ഇ. പി. ഗോപാലൻ: അരിയുടെ വില ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ വില ഒരു നിലവാരത്തിൽ എത്തിക്കുന്നതിനു് ഗവണ്മെൻറ് എന്തെല്ലാം നടപടികളാണു് എടുക്കാനുദ്ദേശിക്കുന്നതു്?

ശ്രീ. ഇ. പി. പൗലോസു്: ഇതുവരെ എടുത്തിട്ടുള്ള നടപടികളും പല പ്രാവശ്യം മുമ്പു പറഞ്ഞിട്ടുണ്ടു്. ഇപ്പോൾ അരിവില കൂടിയതിന്റെ പ്രധാന

LIBRARY ARCHIVES Kerala Legislative Assembly

കാരണം മദ്രാസ് പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള അമിതമായ മഴയാണ്. മില്ലിംഗ് നടക്കുന്നില്ല എന്നുള്ളതാണ് ഇപ്പോഴത്തെ കാരണം.

ശ്രീ. ഇ. പി. ഗോപാലൻ: ഇപ്പോൾ യഥാർത്ഥത്തിൽ ക്രമാതീതമായ വിലക്കയറ്റം ഉണ്ടായിരിക്കാൻപാടില്ലാത്തതാണെന്നും നിലവിലുള്ള ടെൻറ് വില കയറുന്നതിനുള്ളതാണെന്നും ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ വില കുറയ്ക്കുന്നതിനുള്ള നടപടികളെടുക്കുമോ? അക്കൂട്ടത്തിൽ കൂടുതൽ ന്യായവില ഡിപ്പോകളും തുറക്കുന്നതിനും ന്യായവില ഷാപ്പുകൾവഴി കൃത്യമായി അരി വിതരണംചെയ്യുന്നതിനുമുള്ള നടപടികളും എടുക്കുമോ?

ശ്രീ. ഇ. പി. പൗലോസ്: ഇപ്പോഴുള്ള വിലക്കൂടുതൽ നാഗർകോവിലിൽ മഴക്കൂടുതൽമൂലം മില്ലിംഗ് നടത്തുന്നതിനുള്ള വിഷമം കൊണ്ടാണെന്നാണ് മനസ്സിലാക്കുന്നത്. ഇത് താൽക്കാലികമാണ്. ആസ്ട്രോ വെറൈറ്റി അരിക്ക് മുമ്പുണ്ടായിരുന്ന വിലയേക്കാളും ചിലതിനു കുറവുണ്ട്. എന്നും വിലക്കൂടുതലുള്ള പച്ചരിക്ക് സാമാന്യമായി വിലകുറഞ്ഞുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ പ്രധാനമായി ഉപയോഗിക്കുന്ന നാഗർകോവിലിൽ ചമ്പാ വെറൈറ്റി കിട്ടാനുള്ള വിഷമംമൂലം വന്നിട്ടുള്ള വിലക്കൂടുതലാണെന്നാണ് മനസ്സിലാക്കുന്നത്.

ശ്രീ. ആർ. സുഗതൻ: ഈരുള്ളിക്ക് 50 ശതമാനം വില കൂടി. മുളകിനും വില കൂടിയിട്ടുണ്ട്. അരിക്കും വിലകൂടി. ഇതിൻറെ ഫലമായി തൊഴിലാളികളുടെ വാങ്ങാനുള്ള കഴിവ് വളരെ കുറയുന്നു എന്നും അറിയാമോ? അതിനു ആനുപാതികമായി കൂലിയും ഡിയർനസും അലവൻസും വർദ്ധിപ്പിക്കാനുള്ള നടപടി എടുത്തിട്ടില്ല. അതുകൊണ്ട് അദ്ധ്വാനിക്കുന്നവർക്ക് ജീവിക്കുന്നതിനു വളരെ വിഷമം നേരിടുന്നുണ്ടെന്നും അറിയാമോ?

ശ്രീ. ഇ. പി. പൗലോസ്: റേഷൻ വർദ്ധിപ്പിച്ചു കിട്ടണമെന്നും ഇൻഡ്യാഗവണ്മെൻറിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. കുറച്ചു റേഷൻകടകളും വർദ്ധിപ്പിച്ചതുകൊണ്ട് പ്രശ്നത്തിനു പരിഹാരമുണ്ടാകുകയില്ല. പൊതുവിൽ ഇൻഡ്യയിലുള്ള വിലയേക്കാളും കൂടുതൽ കേരളത്തിൽ വന്നിട്ടുണ്ടെന്നു പറയുന്നതു ശരിയായിരിക്കുകയില്ല.

ശ്രീ. എസ്. കുമാരൻ: നെല്ല് എടുക്കുന്നതിനു സ്റ്റോറുകളോടു ആവശ്യപ്പെട്ടുമെന്നും മിനിഞ്ഞാന്നും കേന്ദ്രമന്ത്രി പറയുകയുണ്ടായി. അങ്ങനെയുള്ള സ്റ്റീം വല്ലതും തയ്യാറാക്കിയിട്ടുണ്ടോ?

ശ്രീ. ഇ. പി. പൗലോസ്: ഔദ്യോഗികമായി ഗവണ്മെൻറിനു അറിവു കിട്ടിയിട്ടില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം ഇവിടെയുള്ള നെല്ല് ഗവണ്മെൻറു പർച്ചെസ് ചെയ്യുന്നതുകൊണ്ടുമാത്രം ഈ പ്രശ്നത്തിനു ഒരു പരിഹാരമാകുമോ എന്നറിയണം. ഇൻഡ്യാഗവണ്മെൻറിൻറെ നിർദ്ദേശം എന്തെങ്കിലും കിട്ടിയശേഷം കേരളത്തിൻറെ പ്രത്യേക പരിതഃസ്ഥിതികൂടി കൂട്ടുകൊണ്ട് പരിശോധിച്ച് വേണ്ട തീരുമാനം എടുക്കാം.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: മദ്രാസിലുണ്ടായ ചില സംഭവവികാസങ്ങൾകൊണ്ട് ചമ്പാവു അരിക്ക് വില കൂടിയിട്ടുണ്ടെന്നും മന്ത്രി സമ്മതിക്കുകയുണ്ടായി. എന്നാൽ കേരളത്തിൻറെ വടക്കൻ ഭാഗങ്ങളിലും അരിക്ക് ചാക്കിനു 5 രൂപമുതൽ 9 രൂപവരെ വർദ്ധിച്ചിട്ടുണ്ടെന്നും അറിയാമോ? അങ്ങനെയുണ്ടെങ്കിൽ അതിൻറെ കാരണം എന്താണെന്നും അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. ഇ. പി. പൗലോസ്: ആസ്ട്രോ വെറൈറ്റി അരിക്ക് സാമാന്യമായി വിലക്കൂടുതൽ ഉണ്ടായിട്ടില്ല. ചില വെറൈറ്റികൾക്ക് വില കുറഞ്ഞിട്ടുമുണ്ട്. പൊതുവേ തഞ്ചാവൂരിൽ നിന്നും നാഗർകോവിലിൽ നിന്നും വന്ന അരിക്കാണ് വിലക്കൂടുതൽ ഉണ്ടായിട്ടുള്ളത്. മറ്റുള്ള അരിക്ക് വീടയിലായി

LIBRARY ARCHIVES Kerala Legislative Assembly

വില്ക്കുമ്പോൾ വല്ലവരും വില കൂട്ടിയിട്ടുണ്ടോ എന്നറിയാൻ പാടില്ല. അതിനെപ്പറ്റി അന്വേഷിക്കാൻ കളക്ടറന്മാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. പി. രവീന്ദ്രൻ: തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിൽ വില വർദ്ധിച്ചിട്ടുണ്ടെന്നു പറഞ്ഞു. ആ ജില്ലകളിലെങ്കിലും ന്യായവില ഷാപ്പുകളിൽക്കൂടി ഇന്നുകൊടുത്തുകൊണ്ടിരിക്കുന്ന അരിയുടെ അളവു വർദ്ധിപ്പിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. ഈ. പി. പൗലോസ്: കഴിയുന്നതും സ്റ്റോറിൽ എല്ലാം തന്നെ അളവു് ഡബിൾചെയ്യണമെന്നു് ഉദ്ദേശമുണ്ടു്. പതിനായിരം ടൺ അരി കൂടി തരണമെന്നു് ഇൻഡ്യാഗവണ്മെൻറിനോടു് അടിയന്തിരമായി ആവശ്യപ്പെട്ടിട്ടുണ്ടു്. അതിൻറെ മറുപടി പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. എസ്സ്. കുമാരൻ: മദ്രാസുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ മാത്രമല്ല, വിലവർദ്ധിച്ചിട്ടുള്ളതു്. എറണാകുളം, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലും വിലവർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നു് പത്രറിപ്പോർട്ടുകൾ വരുന്നുണ്ടു്. അങ്ങനെ സ്റ്റോറിൻറെ എല്ലാ ഭാഗങ്ങളിലും വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്ന വിവരം ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ഈ. പി. പൗലോസ്: മദ്രാസു് പ്രദേശങ്ങളിൽ നിന്നും വരുന്ന വെറൈറ്റികൾക്കു് വില കൂടിയിട്ടുണ്ടു്. അവിടെ മിക്കവാറും മില്ലിംഗ് നടക്കാൻ നിവൃത്തിയില്ലാത്തവിധം മഴ ഉണ്ടായിരുന്നതുകൊണ്ടാണു് ഈ ബുദ്ധിമുട്ടു വന്നിട്ടുള്ളതു്.

ശ്രീ. എം. നാരായണക്കുറുപ്പു്: ഇൻഡ്യയുടെ സാമ്പത്തികനില കണക്കാക്കി അതിനു അനുഗുണമായവിധത്തിൽ നന്നായി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന കാർഷികോൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കണമെന്നുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ നാണ്യവിളകൾക്കു് പ്രാധാന്യം കൊടുക്കണമെന്നുള്ള തത്വം നാം അംഗീകരിച്ചതുകൊണ്ടു് ക്ഷ്യുദ്ധാന്യങ്ങളുടെ കാര്യത്തിൽ അപ്പോഴപ്പോഴും ഇങ്ങനെ വരുന്ന അപകടനിലയ്ക്കു് സ്ഥിരമായ എന്തെങ്കിലും പരിഹാരം കേന്ദ്രഗവണ്മെൻറും സംസ്ഥാനഗവണ്മെൻറും കൂടി ആലോചിച്ചു് എടുത്തില്ലെങ്കിൽ വിഷമമുണ്ടാകുമെന്നു് ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുണ്ടോ? ആ തരത്തിൽ ഗവണ്മെൻറു നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. ഈ. പി. പൗലോസ്: നാണ്യവിളകളെ സംബന്ധിച്ചിടത്തോളം എല്ലാ നടപടികളും എടുക്കുന്നുണ്ടു്. അതിനെ ഒരുവിധത്തിലും ബാധിക്കാത്ത തരത്തിലാണു് ക്ഷ്യുദ്ധാന്യങ്ങളുടെ കാര്യത്തിൽ നടപടികളും എടുത്തിട്ടുള്ളതു്. കേന്ദ്രഗവണ്മെൻറുമായി ഒരു കരാർ ഉണ്ടാക്കിയതുകൊണ്ടുമാത്രം പ്രശ്നം പരിഹരിക്കപ്പെട്ടുകയില്ല. ആന്ധ്രയിലും മദ്രാസിലും എല്ലാം പ്രതീക്ഷിച്ചപോലെ ഉൽപ്പാദനം വർദ്ധിച്ചാലേ പരിഹാരമുണ്ടാകുകയുള്ളൂ.

ശ്രീ. ജോസഫ് ചാഴിക്കാടൻ: രണ്ടാഴ്ചയോളമായി വിലകൂടിയതായി കേൾക്കുന്നുണ്ടു്. ഇതിനുമുമ്പു് ന്യായവില ഷാപ്പിൽ നിന്നും കൊടുത്തുകൊണ്ടിരുന്ന അരി ഇപ്പോഴും വിതരണം ചെയ്യുന്നുണ്ടോ?

ശ്രീ. ഈ. പി. പൗലോസ്: ഉണ്ടു്; അതിൽ കുറവുവരുത്തിയിട്ടില്ല.

ശ്രീമതി കെ. ആർ. ഗൗരി: ആന്ധ്രായിൽനിന്നു് ഇറക്കുമതി ചെയ്യുന്ന അരിയുടെയും, ഇവിടെത്തന്നെ ഉല്പാദിപ്പിക്കുന്ന നെല്ലിൻറെയും, അരിയുടെയും വില വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ, ഗവണ്മെൻറു് തന്നെ നെല്ലു സംഭരിച്ചു് വിതരണം ചെയ്യുന്നതിനെ സംബന്ധിച്ച എന്തെങ്കിലും ആലോചനയോ പദ്ധതിയോ ഉണ്ടോ?

ശ്രീ. ഈ. പി. പൗലോസ്: ഇൻഡ്യാഗവണ്മെൻറിൽ നിന്നു്, നെല്ലു് കഴിവുള്ളിടത്തോളം സംഭരിച്ചു് വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതിയെ

LIBRARY ARCHIVES Kerala Legislative Assembly

പ്പുററി തീരുമാനം എടുത്തിട്ടുള്ളതായി അറിയുന്നു. അതിന്റെ വിശദവിവരങ്ങൾ കിട്ടിയതിനു ശേഷം അതിനെപ്പുററി ആലോചിക്കുന്നതാണു്.

ശ്രീമതി കെ. ആർ. ഗൗരി: മറു സംസ്ഥാനങ്ങളെ അപേക്ഷിച്ചു് ഭക്ഷ്യക്ഷാമമുള്ള നമ്മുടെ രാജ്യത്തു് കഴിയുന്നതും അരിയുടെ വില കുറച്ചു വിതരണം ചെയ്യുന്നതിനുള്ള കാര്യമായ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ഈ. പി. പൗലോസു്: അതിനു് ഏറ്റവും പ്രധാനമായിട്ടു ചെയ്തുവന്നതു്, കഴിവുള്ളിടത്തോളം ന്യായവിലഷാപ്പുകൾ വഴി അരി വിതരണം ചെയ്യുക എന്നുള്ളതാണു്. അതല്ലാതെ പ്രത്യേകമായ മറു പരിപാടിയൊന്നും ഇല്ല.

ശ്രീ. പി. ബാലചന്ദ്രമേനോൻ: ഈ ആഴ്ചയിൽത്തന്നെ, അരിക്കു് 8 രൂപ, 10 രൂപവരെ ചാക്കിനു വില വർദ്ധിച്ചിട്ടുണ്ടു്. ഒരു ചാക്കിനു 200 രൂപ ആയിരുന്നതു് ഇപ്പോൾ 240 രൂ. വരെയായിട്ടുണ്ടു്. വ്യവസായസ്ഥാപനങ്ങളിലെ തൊഴിലാളികൾക്കു് കോവാപ്പറേറീവു സൊസൈറ്റികൾ വഴി അരി വിതരണം ചെയ്യണമെന്നുള്ള ഇൻഡ്യാഗവണ്മെന്റിന്റെ തീരുമാനം അനുസരിച്ചു് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ, സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടു സ്വീകരിച്ചില്ല?.

ശ്രീ. ഈ. പി. പൗലോസു്: കോവാപ്പറേറീവു സൊസൈറ്റികൾ മുഖേന തൊഴിലാളികൾക്കു് അരി വിതരണം ചെയ്യുന്നതിനു് വ്യവസായ ഉടമകളും ചില നടപടി സ്വീകരിച്ചിട്ടുണ്ടു്, ഗവണ്മെന്റു ന്യായവിലഷാപ്പുകൾ സ്ഥാപിച്ചിട്ടുമുണ്ടു്.

ശ്രീ. പി. ബാലചന്ദ്രമേനോൻ: അങ്ങനെ മുതലാളിമാരുടെ ശ്രമത്തിൽ തൊഴിലാളികൾക്കു് അരി കിട്ടുന്നതിനുള്ള യാതൊരു നടപടിയും ഇതുവരെ എടുത്തതായി അറിവില്ല. അവർക്കു് അങ്ങനെ അരി കിട്ടുന്നതുമില്ല. ഇൻഡ്യാഗവണ്മെന്റു്. നാലാഴ്ചയുള്ളിൽ ഇതു സംബന്ധിച്ച നടപടി സ്വീകരിക്കണമെന്നാണു് ആവശ്യപ്പെട്ടിരുന്നതു്.

ശ്രീ. ഈ. പി. പൗലോസു്: അതു ശരിയല്ല; ഗവണ്മെന്റുടമയിലുള്ള വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കു അരി വിതരണം ചെയ്യൽ ന്യായവിലഷാപ്പുകൾ തുടങ്ങിയിട്ടുണ്ടു്. പ്രൈവറ്റു മേഖലയിലെ വ്യവസായസ്ഥാപനങ്ങളുടെ ഉടമകളും ഇതു സംബന്ധിച്ച ചില നടപടികളും സ്വീകരിച്ചിട്ടുണ്ടു്, അതു സംബന്ധിച്ച കൂടുതൽ നടപടികളും തുടർന്നു കൊണ്ടിരിക്കുകയാണു്.

ശ്രീ. ആർ. സുഗതൻ: കേന്ദ്ര ഗവണ്മെന്റിന്റെ സബ്സിഡിയോടുകൂടി 50 നയാപൈസയ്ക്കു കിട്ടിയിരുന്ന അരി ഇപ്പോൾ 58 നയാപൈസ വിലയ്ക്കു കിട്ടുന്നതെന്നുള്ള വസ്തുത മനസ്സിലാക്കി, സബ്സിഡി തിരിയെ തരാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ഈ. പി. പൗലോസു്: സബ്സിഡി, കേന്ദ്രഗവണ്മെന്റല്ല, സംസ്ഥാന ഗവണ്മെന്റാണു വഹിക്കുന്നതു്.

ശ്രീ. എസ്സു. കുമാരൻ: നമ്മുടെ കോട്ടാ വർദ്ധിപ്പിക്കുന്നതിനു കേന്ദ്രവുമായി സമ്പർക്കം പുലർത്തിയിട്ടുണ്ടെന്നു പറഞ്ഞു. അതിന്റെ ഫലമെന്തായി, അനുകൂലമായ മറുപടി കിട്ടിയിട്ടുണ്ടോ?

ശ്രീ. ഈ. പി. പൗലോസു്: എല്ലാ വിവരങ്ങളും കാണിച്ചു് ഇൻഡ്യാഗവണ്മെന്റിലേക്കു നിവേദനം നടത്തിയിട്ടുണ്ടു്. കൂടാതെ, മറു കാര്യങ്ങൾക്കു് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ പോകുന്ന അവസരത്തിൽ ഈ കാര്യവും ചർച്ചാവിഷയമാക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. ഗോപാലൻ: കേന്ദ്ര പാർലമെന്റിൽത്തന്നെ അരിക്കും മൈദയ്ക്കും വില വർദ്ധിക്കുന്നതിനെപ്പറ്റി പരാമർശം ഉണ്ടായിട്ടുണ്ട്. ഓപ്പൺ മാർക്കറ്റിൽ വില ക്രമാതീതമായി വർദ്ധിച്ചു വരികയാണ്. അതിനെ തടയാൻ വല്ല നടപടിയും എടുത്തിട്ടുണ്ടോ; ന്യായവില ഷാപ്പുകൾ വഴി വിതരണം ചെയ്യുന്ന അരി വില കൂടുതലുള്ള പ്രദേശത്തെങ്കിലും വില കുറച്ചു വിതരണം ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ? ഇതു ഗൗരവതരമായ ഒരു പ്രശ്നമാണെന്നു മനസ്സിലാക്കി, പരിഹാരം കാണാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. ഈ. പി. പൗലോസ്: ഇതിന്റെ ഗൗരവം മനസ്സിലാക്കിയിട്ട് കഴിയുന്നിടത്തോളം റേഷൻ ഇരട്ടിയാക്കണമെന്നും, കച്ചവടക്കാർക്ക് വാഗൺ സൗകര്യം ചെയ്തുകൊടുക്കണമെന്നും. ആവശ്യമുള്ള ലോൺ കോഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് നൽകണമെന്നും അങ്ങനെ ഇതിലേക്കാവശ്യമായ മറ്റെല്ലാ നടപടികളും സ്വീകരിക്കണമെന്നും ഗവണ്മെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് എല്ലാ കാര്യങ്ങളും ചെയ്തുകൊണ്ടിരിക്കുകയാണ്. പെട്ടെന്നു മഴ കൂടുതലായതുകൊണ്ട് കേവലം താൽക്കാലികമായിട്ട വന്നു ചേർന്നതാണ് ഈ വില വർദ്ധനവ്. ഇതു തുടർന്നു നില നില്ക്കുകയാണെങ്കിൽ അതിനു പരിഹാരം കാണാൻ വേണ്ട നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. ഒ. കോരൻ: കുടെക്കുടെ ഇങ്ങനെ നമ്മുടെ സംസ്ഥാനത്തു വില കൂടുകയും, ക്ഷാമം നേരിടുകയും ചെയ്യുന്നതുകൊണ്ട്, ഗവണ്മെന്റുതന്നെ അരി വരുത്തി, വലിയ ലാഭ നഷ്ടം കൂടാതെ വിതരണം ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ഈ. പി. പൗലോസ്: മറ്റു സ്റ്റോറുകളിൽ നിന്ന് ഇപ്പോഴത്തന്നെ അരി വരുത്തി പ്രൈവറ്റ് ഏജൻസികൾ കച്ചവടം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇൻഡ്യാ ഗവണ്മെന്റിൽ നിന്ന് അല്പം വിലകുറച്ച് തരുന്ന അരി വരുത്തി സംസ്ഥാനഗവണ്മെന്റു ന്യായവില ഷാപ്പുകൾവഴി വിതരണം ചെയ്യുകയാണ്. ആ റേഷൻ ഇരട്ടിയാക്കി വർദ്ധിപ്പിക്കുന്നതിനും ഇപ്പോൾ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: അടിയന്തിരമായ നടപടികൾ എടുക്കുന്നില്ലെങ്കിലും, എടുത്തിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. 5-ും, 10-ും മൈൽ ദൂരമുള്ള പ്രദേശങ്ങളിൽ പോലും ന്യായവില ഷാപ്പുകൾ സ്ഥാപിക്കാതെയും, അയ്യായിരവും, ഏഴായിരവും ആളുകൾ പാർക്കുന്ന സ്ഥലങ്ങളിൽ വേണ്ടിടത്തോളം അരി വിതരണം ചെയ്യാൻ കഴിയാതെയും ഒരു സ്ഥിതി ഇന്നുണ്ടെന്നുള്ളതു മനസ്സിലാക്കി, അത്തരം പ്രദേശങ്ങളിൽ കൂടുതൽ ന്യായവില ഷാപ്പുകൾ സ്ഥാപിക്കുമെന്ന് ഈ ഹൗസിൽ മന്ത്രി നൽകിയിട്ടുള്ള വാഗ്ദാനം അനുസരിച്ച് കൂടുതൽ ന്യായവില ഷാപ്പുകൾ തുടങ്ങാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ഈ. പി. പൗലോസ്: അരിയുടെ ദൗർല്ലഭ്യമുണ്ടെന്നുള്ള സൂചനയുടെയടിസ്ഥാനവുമില്ല. ഇപ്പോൾ ഈ നാട്ടിൽ, സാമ്പത്തികമായി ഉയർന്ന നിലയിലുള്ളവർക്കും, ഉയർന്ന ഉദ്യോഗസ്ഥന്മാർക്കും ആവശ്യമായ സൂപ്പീരിയർ വെറൈറ്റിയിലുള്ള മെച്ചപ്പെട്ട ചമ്പാ അരിക്കാണ് വില കൂടിയിരിക്കുന്നത്. അതല്ലാതെ അരിക്ക ദൗർല്ലഭ്യമുണ്ടെന്നു പറയുന്നതിനു അടിസ്ഥാനമില്ല.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: ഗവണ്മെന്റിന്റെ വാഗ്ദാനം അനുസരിച്ച് ആവശ്യമുള്ള ന്യായവില ഷാപ്പുകൾ തുടങ്ങിയിട്ടുണ്ടോ?

ശ്രീ. ഈ. പി. പൗലോസ്: കൂടുതൽ ഷാപ്പുകൾ തുറക്കുന്നതു കൊണ്ടു മാത്രം ഈ പ്രശ്നം പരിഹരിക്കുക സാദ്ധ്യമല്ല. അരി കൂടുതൽ വിതരണം ചെയ്യാൻ സാധിക്കുമോ എന്നു നോക്കണം, റേഷൻ കൂട്ടാനുള്ള നടപടികളാണ് ഇപ്പോൾ ഗവണ്മെന്റിന്റെ ആലോചനയിലുള്ളത്.

ശ്രീ. ആർ. സുഗതൻ: റേഷന്റെ അളവു കൂട്ടിയാലും അതിനു വില കൂടുതൽ കൊടുക്കേണ്ടതായി വരുന്നു. ഓപ്പൺ മാർക്കറ്റിൽ ഒരു ശ്രപവരെ വില വർദ്ധിച്ചിട്ടുണ്ട്, മുമ്പ് 50 പൈസ വിലയായിരുന്നതിനു് ഇപ്പോൾ 58 പൈസയായിരിക്കുന്നു. അതിനു പരിഹാരം വല്ലതും ഉണ്ടോ?

ശ്രീ. ഇ. പി. പൗലോസ്: ഈ കാര്യങ്ങളെല്ലാം പരിശോധിക്കാം.

ശ്രീ. ഈ. പി. ഗോപാലൻ: ഓപ്പൺ മാർക്കറ്റിൽ വില കയറിക്കൊണ്ടിരിക്കുകയാണു്, ഈ വിലക്കയറ്റത്തെ തടയാൻ എന്തെങ്കിലും ഗവണ്മെന്റു ചെയ്തിട്ടുണ്ടോ; എന്തെങ്കിലും ചെയ്യാൻ കഴിയുമോ? ദിവസംതോറും അരിവില കൂട്ടിക്കൂട്ടി വില്ക്കുന്നവരുടെ മുമ്പിൽ കൈയുംകെട്ടി നില്ക്കാനെ ഗവണ്മെന്റിനു കഴിയൂ എന്നാണോ, മനസ്സിലാക്കേണ്ടതു്, അതിനെ തടയാൻ ഫലപ്രദമായ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. ഈ. പി. പൗലോസ്: പ്രകൃതിദത്തമായ കാരണങ്ങൾകൊണ്ടാൽ, താൽക്കാലികമായി നേരിട്ട അസൗകര്യംകൊണ്ടാണു് ഇപ്പോൾ അരി വില വർദ്ധിച്ചതു്. മദ്രാസിൽ മഴ കൂടിയതുകൊണ്ടു് മില്ലിംഗിനു അസൗകര്യം നേരിട്ടതാണു കാരണം. ഗവണ്മെന്റിനു് മഴ നിറുത്താൻ സാദ്ധ്യമല്ലല്ലോ. ഈ അസൗകര്യം വളരെക്കാലം നീണ്ടുനില്ക്കുകയില്ലെന്നാണു കരുതുന്നതു്. ഇതു വളരെ ഗൗരവമായിട്തന്നെ ഗവണ്മെന്റു വീക്ഷിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ആർ. സുഗതൻ: അരിയുടെ മാത്രമല്ല, എല്ലാ ഭക്ഷ്യസാധനങ്ങളുടെയും വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. ഈ വിലവർദ്ധനവിനെ തടയുന്നതിനു പര്യാപ്തമായ ഒരു നടപടി എന്നനിലയ്ക്കു നമ്മുടെ റേഷൻ ഡിപ്പോകൾ വഴി നടത്തുന്ന അരിവിതരണത്തിന്റെ തോതു വർദ്ധിപ്പിക്കാൻ വേണ്ട നടപടി എടുക്കുമോ?

ശ്രീ. ഈ. പി. പൗലോസ്: ഞാൻ മുന്നു പ്രാവശ്യം ഈകാര്യം ഇവിടെ പറഞ്ഞതാണു്. വിലക്കുടുതലിനെ നിയന്ത്രിച്ചു്, റേഷൻ അളവു കൂട്ടാൻ കേന്ദ്ര ഗവണ്മെന്റിനോടഭ്യർത്ഥിച്ചിട്ടുണ്ടു്. റേഷൻ ഇരട്ടിയാക്കാൻ കൂടുതൽ കോട്ടാ ആവശ്യപ്പെട്ടിട്ടുണ്ടു്. പക്ഷേ, നാർത്തു് ഇൻഡ്യയിലെ സ്ഥിതി ഒന്നു ഭേദപ്പെട്ടാൽമാത്രമേ കൂടുതൽ കിട്ടാൻ സൗകര്യമുള്ളു. ഉടനെ ഇരട്ടിയാക്കി വർദ്ധിപ്പിക്കാൻ അരി കിട്ടുമോ എന്നു നിശ്ചയമില്ല. നാർത്തു് ഇൻഡ്യയിലെ സ്ഥിതി സാധാരണ ഗതിയിൽ വന്നാൽ കൂടുതൽ അരി നമുക്കു ലഭിക്കുമെന്നാണു പ്രതീക്ഷ.

ആശുപത്രി ജീവനക്കാരുടെ അനാസ്ഥമൂലം കുട്ടി മരിച്ചതായുള്ള പരാതി.

* 915. [56] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറലാശുപത്രിയിൽ ഐസോലേഷൻ വാർഡിൽ 7–10–1963–ൽ ഇന്ദിര എന്നൊരു കുട്ടിയെ പ്രവേശിപ്പിച്ചിട്ടു് ആശുപത്രി ജീവനക്കാരുടെ അനേഷണക്കുറവുകൊണ്ടു് ആ കുട്ടി മരിച്ചുപോയതായി ഒരു പരാതി ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെപ്പറ്റി അനേഷണം നടത്തിയോ;

(സി) അനേഷണഫലമെന്തായി?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) ഉണ്ടു്.

(ബി) അനേഷണം നടത്തി.

(സി) അനേഷണറിപ്പോർട്ടു പൂർത്തിയായിട്ടില്ലാത്തതിനാൽ പൂർണ്ണമായ അനേഷണം നടത്തി റിപ്പോർട്ടു സമർപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly